**പതിമൂന്നാം കേരള നിയമസഭ**

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി
# (2011-2014)

## അഞ്ചാമത് റിപ്പോർട്ട്

(2014 ജനുവരി മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ സംബന്ധിച്ച്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി**

**(2011-2014)**

അഞ്ചാമത് റിപ്പോർട്ട്

(കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന
കോർപ്പറേഷനെ സംബന്ധിച്ച്)

282/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | | |
| 1. സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും | .. | 10 |
| 2. പട്ടികജാതി വിഭാഗക്കാർക്കായി കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ | .. | 13 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വി. പി. സജീന്ദ്രൻ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അജിത്

,, ഐ. സി. ബാലകൃഷ്ണൻ

,, കോവൂർ കുഞ്ഞുമോൻ

,, പുരുഷൻ കടലുണ്ടി

,, സി. കെ. സദാശിവൻ

,, എൻ. ഷംസുദ്ദീൻ

,, വി. ശശി

,, വി. എം. ഉമ്മർ മാസ്റ്റർ

,, കെ. വി. വിജയദാസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

,, രാജു, വൈ., ഡെപ്യൂട്ടി സെക്രട്ടറി

,, റ്റി. എം. രത്നാകരൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സാമ്പത്തിക സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം, ഉദ്ദേശ്യലക്ഷ്യങ്ങൾ, നടപ്പിലാക്കി വരുന്ന വിവിധ വായ്പാ പദ്ധതികൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഇത്യാദി കാര്യങ്ങൾ വിലയിരുത്തുന്നതിനായി സമിതി കോർപ്പറേഷന്റെ ആസ്ഥാനം സന്ദർശിക്കുന്നതിന് തീരുമാനിക്കുകയും 2013 ജനുവരി മാസം 23-ാം തീയതി തൃശ്ശൂരുള്ള പട്ടികജാതി വികസനകോർപ്പറേഷന്റെ ആസ്ഥാനം സന്ദർശിക്കുകയും കോർപ്പറേഷന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ കണ്ടെത്തലുകളും ശിപാർശകളും ഉൾക്കൊള്ളിച്ചു തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2014 ജനുവരി 13-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**വി. പി. സജീന്ദ്രൻ,**
*ചെയർമാൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
2014 ജനുവരി 13.

# റിപ്പോർട്ട്

## കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സർവ്വതോമുഖമായ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് വിവിധ വായ്പാപദ്ധതികളും തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും നടപ്പിലാക്കിവരുന്ന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനും കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ വായ്പാപദ്ധതികളുടെ ഗുണഫലം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ അർഹതപ്പെട്ട ആളുകൾക്ക് ലഭിക്കുന്നുണ്ടോ എന്നതു പരിശോധിക്കുന്നതിനുമായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ആസ്ഥാനം സന്ദർശിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുക്കുന്നതിന് കേരള നിയമസഭയിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി (2011-14) തീരുമാനിക്കുകയുണ്ടായി. ആയതിന്റെ ഭാഗമായി സമിതി 2013 ജനുവരി മാസം 23-ാം തീയതി തൃശ്ശൂരുള്ള പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ മുഖ്യകാര്യാലയം സന്ദർശിക്കുകയും കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ, വിഭവസമാഹരണം, ഭരണ നിർവ്വഹണം, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുക്കുകയും ചെയ്തു. പ്രസ്തുത സന്ദർശനത്തിന്റെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ നിലവിലുള്ള പ്രവർത്തനം മെച്ചപ്പെടുത്തി കൂടുതൽ ആൾക്കാർക്ക് ക്ഷേമാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ച് സമിതി വിശദമായി ചർച്ചചെയ്യുകയുണ്ടായി. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളും നിലവിലെ പ്രവർത്തനരീതികളും ഭാവിപരിപാടികളും സമഗ്രമായി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും ഏറെ പര്യാപ്തകരമാകുമെന്ന് കരുതുന്ന ഏതാനും നിർദ്ദേശങ്ങളാണ് സമിതി ഈ റിപ്പോർട്ടിലൂടെ മുന്നോട്ടുവയ്ക്കുന്നത്.

**രൂപീകരണം**

2. 1956-ലെ ഇന്ത്യൻ കമ്പനി നിയമമനുസരിച്ച് 1972-ൽ സംസ്ഥാന സർക്കാരിനാൽ രൂപീകൃതമായ സ്ഥാപനമാണ് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ. സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സാമ്പത്തിക സാമൂഹിക ഉന്നമനം ലക്ഷ്യമാക്കി കോർപ്പറേഷൻ വിവിധ സ്വയംതൊഴിൽ പദ്ധതികളും തൊഴിലധിഷ്ഠിത പരിശീലന പരിപാടികളും മറ്റു സാമൂഹ്യക്ഷേമ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

3. കോർപ്പറേഷന്റെ മുഖ്യകാര്യാലയം തൃശ്ശൂർ നഗരത്തിലാണ് സ്ഥിതിചെയ്യുന്നത്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നിലവിലുള്ള പദ്ധതികളെക്കുറിച്ച് അറിയുന്നതിനും പദ്ധതിയുടെ ഗുണഫലങ്ങൾ കാലതാമസംകൂടാതെ ലഭ്യമാക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കോർപ്പറേഷന്റെ ജില്ലാ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

282/2014.

4. വ്യത്യസ്തങ്ങളും ആകർഷകങ്ങളുമായ നിരവധി വായ്പാപദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിനുപുറമേ തൊഴിൽമേഖലയുടെ ആവശ്യങ്ങൾക്കനുസൃത മായുള്ള വിവിധ തൊഴിലധിഷ്ഠിത പരിശീലന പദ്ധതികളും കോർപ്പറേഷൻ സംഘടിപ്പിച്ചുവരുന്നുണ്ട്. കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.

5. കേന്ദ്ര സംസ്ഥാന സർക്കാരുകൾ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ മാത്രം ഉൾപ്പെട്ട ഒരു ഭരണസമിതിയാണ് (ബോർഡ് ഓഫ് ഡയറക്ടേഴ്സ്) കോർപ്പറേഷന്റെ നയപരമായ കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. ഭരണസമിതി യുടെ തീരുമാനങ്ങൾ നടപ്പാക്കുന്നതും ദൈനംദിന ഭരണത്തിന് നേതൃത്വം നൽകുന്നതും സംസ്ഥാന സർക്കാർ നിയോഗിക്കുന്ന മാനേജിംഗ് ഡയറക്ടർ ആണ്.

6. സമിതിയുടെ സന്ദർശനവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനത്തിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങളിലും നിലവിലുള്ള വായ്പാപദ്ധതികളിലും കാലോചിതമായ മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി.

**വായ്പാ പദ്ധതികൾ**

7. കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ വായ്പാപദ്ധതികളെ താഴെപ്പറയുന്ന വിധത്തിൽ തരം തിരിക്കാവുന്നതാണ്:

(i) കോർപ്പറേഷൻ മാത്രമായി വായ്പ നൽകുന്ന പദ്ധതികൾ.

(ii) ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ വായ്പയും കോർപ്പറേഷന്റെ സ്വന്തം വായ്പാ വിഹിതവും ചേർന്നുള്ള പുനർവായ്പാ പദ്ധതികൾ.

8. ഭവനനിർമ്മാണം, കൃഷി, വിദ്യാഭ്യാസം, വ്യവസായം, തൊഴിൽ തുടങ്ങിയ വിവിധ മേഖലകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി വിവിധ വായ്പാപദ്ധതികൾ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും നടപടിക്രമങ്ങളിൽ ഉണ്ടാകുന്ന കാലതാമസവും അനുവദിക്കുന്ന തുകയുടെ അപര്യാപ്തതയുംമൂലം വിവിധ പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കാനാവാത്ത അവസ്ഥ നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കി. കൂടാതെ വായ്പാ തിരിച്ചടവിൽ കഴിഞ്ഞ 6 വർഷക്കാലയളവിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി കോർപ്പറേഷന് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും ഓരോ സാമ്പത്തികവർഷത്തിലും നിശ്ചിതതുക ബഡ്ജറ്റ് വിഹിതമായി ലഭിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കി.

9. പട്ടികജാതിക്കാർക്കും ബി.പി.എൽ. വിഭാഗത്തിനും വായ്പകൾ നൽകുന്ന തിന് പൊതുമേഖലാ ബാങ്കുകൾ മടിക്കുന്ന സാഹചര്യം നിലനിൽക്കുന്നതുകൊണ്ടും കോർപ്പറേഷൻ അനുവദിക്കുന്ന വായ്പകളുടെ കുറഞ്ഞ പലിശനിരക്കു കാരണവും

വ്യവസായസംരംഭങ്ങൾ തുടങ്ങാൻ താത്പര്യം ഉള്ളവർ ഉൾപ്പെടെയുള്ള ഒട്ടേറെപ്പേർ കോർപ്പറേഷനിൽനിന്നും വായ്പകൾ എടുക്കുന്നതിനായി മുന്നോട്ടുവരുന്ന സാഹചര്യത്തിൽ കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് കൂടുതൽ സഹായകരമാകുമെന്ന് സമിതി വിലയിരുത്തുന്നു.

10. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് സഹായകരമായ വായ്പകളെക്കുറിച്ച് സമിതി ആരാഞ്ഞതിന് പത്താംക്ലാസ് മുതൽ ബിരുദാനന്തര തലംവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് കമ്പ്യൂട്ടർ വായ്പ അനുവദിക്കുന്നതെന്നും അപേക്ഷകന്റെ പ്രായപരിധി 35 വയസ്സാണെന്നും വാർഷിക വരുമാനപരിധി രണ്ടു ലക്ഷം രൂപയാണെന്നും, ആറു ശതമാനമാണ് പലിശനിരക്ക് എന്നും പ്രോജക്ട് ഓഫീസർ സമിതിയെ അറിയിച്ചു. നിലവിൽ ലാപ്ടോപ് വാങ്ങുന്നതിന് വായ്പ അനുവദിക്കുന്നില്ലെന്നും കമ്പ്യൂട്ടർ വാങ്ങുന്നതിനുവേണ്ടി മാത്രമാണ് വായ്പ അനുവദിക്കുന്നതെന്നും പ്രോജക്ട് ഓഫീസർ സമിതിയെ അറിയിച്ചു.

11. പ്രൊഫഷണൽ/ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലും, ഇന്ത്യക്ക് പുറത്തുമുള്ള ചില കോഴ്സുകൾ പഠിക്കുന്നതിനും വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ടെന്നും അപേക്ഷകർ കേരളത്തിലാണ് പഠിക്കുന്നതെങ്കിൽ ഒരു ലക്ഷം രൂപ വരെയും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലാണ് പഠിക്കുന്നതെങ്കിൽ 2.5 ലക്ഷം രൂപവരെയും ഇന്ത്യക്ക് പുറത്താണെങ്കിൽ 10 ലക്ഷം രൂപവരെയും വായ്പ നൽകുന്നുണ്ടെന്ന് കോർപ്പറേഷൻ പ്രോജക്ട് ഓഫീസർ സമിതിയെ അറിയിച്ചു. വിദ്യാഭ്യാസ വായ്പയുടെ ജാമ്യവ്യവസ്ഥകൾ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നെറ്റ് സാലറി 10,000 രൂപവരെ വാങ്ങുന്ന രണ്ട് സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യത്തിന്മേൽ ഒരു ലക്ഷം രൂപ വരെയും 6,000 രൂപ നെറ്റ് സാലറി വാങ്ങുന്ന രണ്ട് സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യത്തിന്മേൽ 75,000 രൂപവരെയും 4,000 രൂപ നെറ്റ് സാലറി വാങ്ങുന്ന രണ്ട് സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യത്തിന്മേൽ 50,000 രൂപവരെയും വായ്പയായി നൽകാറുണ്ടെന്നും പ്രോജക്ട് ഓഫീസർ സമിതിയെ അറിയിച്ചു.

12. പട്ടികജാതി പട്ടികവർഗ്ഗ നാഷണൽ കോർപ്പറേഷൻ പെൺകുട്ടികൾക്ക് മൂന്നു ശതമാനവും ആൺകുട്ടികൾക്ക് നാലു ശതമാനവും പലിശനിരക്കിൽ പ്രൊഫഷണൽ കോഴ്സുകൾക്കും ടെക്നിക്കൽ കോഴ്സുകൾക്കും വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ടെന്നും എന്നാൽ ആൾ ഇന്ത്യാ പാറ്റേൺ അനുസരിച്ച് വായ്പ അനുവദിക്കുന്നതിനാൽ വായ്പ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ടെന്നും പ്രോജക്ട് ഓഫീസർ അറിയിച്ചു.

13. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണമുണ്ടെങ്കിലും സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം വലിയൊരു വിഭാഗം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനോ ഉന്നതവിദ്യാഭ്യാസത്തിന് അപേക്ഷ സമർപ്പിക്കുന്നതിനോ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. ഈ

സാഹചര്യം കണക്കിലെടുത്ത് ഈ സമൂഹത്തിലെ വിദ്യാർത്ഥികളെ വിദ്യാഭ്യാസ പരമായി മുന്നോട്ട് കൊണ്ടുവരേണ്ടത് പട്ടികജാതി പട്ടികവർഗ്ഗ സമൂഹത്തിന്റെ സമഗ്ര പുരോഗതിക്ക് അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തുന്നു. വിദ്യാഭ്യാസത്തിന് പ്രാധാന്യം നല്കിക്കൊണ്ടുള്ള വായ്പാപദ്ധതികൾ ആവിഷ്കരിക്കുന്ന തോടൊപ്പംതന്നെ വിദ്യാഭ്യാസത്തിനുള്ള ധനസഹായങ്ങൾ നിശ്ചിത സമയത്ത് അർഹതപ്പെട്ടവർക്ക് ലഭ്യമാക്കേണ്ടതും അത്യാവശ്യമാണ്. ആയതിനാൽ കോർപ്പറേഷന്റെ വിദ്യാഭ്യാസ വായ്പകൾ യഥാസമയം അനുവദിക്കണമെന്നും വായ്പയുടെ ജാമ്യവ്യവസ്ഥകൾ കൂടുതൽ സുതാര്യവും ഉദാരവുമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

14. പത്താംക്ലാസ് മുതൽ ബിരുദാനന്തര തലംവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിന് വായ്പ അനുവദിക്കുവാൻ വ്യവസ്ഥ ഉണ്ടെങ്കിലും പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ നിലവിൽ ലാപ്ടോപ് വാങ്ങുന്നതിന് കോർപ്പറേഷൻ വായ്പ അനുവദിക്കുന്നുള്ളൂവെന്ന് സമിതി മനസ്സിലാക്കുന്നു. വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാൻ സൗകര്യം ലാപ്ടോപ് ആണെന്ന വസ്തുത കണക്കിലെടുത്ത് കമ്പ്യൂട്ടർ വായ്പയ്ക്ക് അപേക്ഷിക്കുന്നവരിൽ പ്രൊഫഷണൽ കോഴ്സുകൾ/മറ്റു കോഴ്സുകളിൽ പഠിക്കുന്നവർ എന്ന് തരംതിരിവില്ലാതെ എല്ലാ അപേക്ഷകർക്കും ലാപ്ടോപ് വാങ്ങുന്നതിന് വായ്പ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. കൃഷിഭൂമി വായ്പാപദ്ധതി അനുസരിച്ച് 50 സെന്റ് ഭൂമി വാങ്ങുന്നതിന് രണ്ടുലക്ഷം രൂപയാണ് കോർപ്പറേഷൻ വായ്പ അനുവദിച്ചുവരുന്നത്. 1999-2000-ൽ ആരംഭിച്ച പ്രസ്തുത പദ്ധതിപ്രകാരം ഒരു ലക്ഷം രൂപ വായ്പയും 50,000 രൂപ സർക്കാരിൽ നിന്നുള്ള സബ്സിഡിയുമായിരുന്നുവെന്നും പിന്നീട് വായ്പാത്തുക രണ്ടു ലക്ഷമായി വർദ്ധിപ്പിക്കുകയുണ്ടായെന്നും സമിതി മനസ്സിലാക്കി. പാലക്കാട്, ആലപ്പുഴ, കൊല്ലം, മലപ്പുറം, തിരുവനന്തപുരം എന്നീ ജില്ലകളിൽനിന്നും നിരവധി അപേക്ഷകൾ കോർപ്പറേഷന് ലഭിക്കുന്നുണ്ടെങ്കിലും ആലപ്പുഴ ജില്ലയിലൊഴിച്ച് മറ്റിടങ്ങളിലൊന്നും ഈ വായ്പാത്തുകകൊണ്ട് നിലവിൽ 50 സെന്റ് ഭൂമി വാങ്ങാൻ കഴിയില്ലെന്നും എന്നാൽ സബ്സിഡി നല്കുന്നതിനായി അനുവദിച്ച 10 കോടി രൂപയിൽ ഒരു കോടി രൂപ മാത്രമാണ് ബാക്കിയുള്ളതെന്നും ഉദ്യോഗസ്ഥർ ബോധിപ്പിച്ചു.

16. കാർഷികവൃത്തി മുഖ്യതൊഴിലും ജീവിതമാർഗ്ഗവുമായിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൃഷിഭൂമി ഒരത്യാവശ്യ വരുമാനഘടകമാണ്. പരമ്പരാഗത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നത് പട്ടിണിമരണങ്ങൾ ഉൾപ്പെടെയുള്ള പല പ്രശ്നങ്ങൾക്കും ഒരു പരിധിവരെ സഹായകമാകുമെന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല. എന്നാൽ കൃഷിഭൂമി വാങ്ങുന്നതിനായി കോർപ്പറേഷൻ ഇപ്പോൾ അനുവദിക്കുന്ന വായ്പാത്തുക തികച്ചും അപര്യാപ്തമാണെന്നും ഭൂമിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ കൃഷിഭൂമി വാങ്ങുന്നതിനായി ഇപ്പോൾ നിലവിലുള്ള സ്കീമുകൾ ആർക്കും പ്രയോജനപ്പെടുന്നില്ലെന്നും, വലിയതോതിലുള്ള സാമ്പത്തികബാധ്യത വരുമെന്നതിനാൽ കൃഷിഭൂമി വാങ്ങുന്നതിന് വലിയതുക

വായ്പനൽകാൻ കോർപ്പറേഷന് കഴിയില്ലെന്നും സമിതി വിലയിരുത്തി. ഈ ആവശ്യത്തിനുള്ള വായ്പാ പരിധിയായി നിശ്ചയിച്ചിട്ടുള്ള രണ്ടുലക്ഷം രൂപ 50 സെന്റ് ഭൂമി വാങ്ങുന്നതിന് തികച്ചും അപര്യാപ്തമായതിനാൽ വായ്പാത്തുക നാലു ലക്ഷമായി എങ്കിലും വർദ്ധിപ്പിക്കണമെന്നും ഈയിനത്തിൽ കൂടുതൽ തുക സബ്സിഡി നൽകുന്നതിന് പ്രത്യേക ബഡ്ജറ്റ് വിഹിതം സംസ്ഥാന സർക്കാർ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

17. വ്യവസായസംരംഭങ്ങൾ തുടങ്ങുന്നതിനായി 20 ലക്ഷം രൂപവരെ വായ്പ എടുക്കാൻ ആവശ്യക്കാരുണ്ടെങ്കിലും രണ്ടു ലക്ഷം രൂപവരെ മാത്രമേ നിലവിൽ കോർപ്പറേഷൻ വായ്പ അനുവദിക്കുന്നുള്ളൂ. രണ്ടു സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യം അല്ലെങ്കിൽ സ്വന്തം പേരിലുള്ള അഞ്ച് സെന്റ് വസ്തുവിന്റെ ഈട് എന്നതാണ് ജാമ്യവ്യവസ്ഥ. ഈ പദ്ധതി ആരംഭിച്ച സമയത്ത് രണ്ടു ലക്ഷം രൂപ വലിയതുക ആയിരുന്നുവെങ്കിലും, നിലവിൽ ഈ തുക ഉപയോഗിച്ച് വ്യവസായം ആരംഭിക്കുക യെന്നത് വളരെ പ്രയാസമാണെന്ന് കോർപ്പറേഷൻ ചെയർമാൻ സമിതിയെ അറിയിച്ചു.

18. ജാമ്യവ്യവസ്ഥകളില്ലാതെ വായ്പ നൽകിയാൽ തിരിച്ചടവ് ഉണ്ടാവുക യില്ലെന്നത് ഒരു വസ്തുതയായിരിക്കെ വായ്പ അനുവദിക്കുന്നതിന് ജാമ്യവ്യവസ്ഥകൾ ഒഴിവാക്കണമെന്ന് സമിതിക്ക് അഭിപ്രായമില്ല. എന്നാൽ വായ്പ അനുവദിക്കുന്നതിന് ഉദാരമായ സമീപനം ആവശ്യമാണെന്ന് സമിതി കരുതുന്നു. വ്യവസായ സംരംഭകർക്കുള്ള വായ്പകൾ വരുമാനപരിധിയില്ലാതെ, ഈടുനൽകുന്ന വസ്തുവിന്റെ വിലയ്ക്കനുസരിച്ച് തിരിച്ചടയ്ക്കാൻ കഴിവുള്ള എല്ലാവർക്കും അനുവദിക്കണമെന്നും വായ്പാത്തുക കാലോചിതമായി ഉയർത്തുവാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

19. പെൺകുട്ടികളുടെ വിവാഹാവശ്യത്തിനായുള്ള വായ്പയ്ക്കായി ഒട്ടേറെ അപേക്ഷകൾ കോർപ്പറേഷനിൽ ലഭിക്കുന്നുണ്ടെന്നും പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹാവശ്യത്തിനുവേണ്ടി ഇപ്പോൾ കോർപ്പറേഷൻ നൽകുന്ന വായ്പാത്തുകയായ ഒരുലക്ഷം രൂപ ഈ ആവശ്യത്തിന് തീരെ പര്യാപ്തമല്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കോർപ്പറേഷന്റെ വിവാഹവായ്പ പദ്ധതിപ്രകാരമുള്ള വായ്പാത്തുക രണ്ടുലക്ഷമായി എങ്കിലും ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. ഓട്ടോറിക്ഷ വാങ്ങുന്നതിനുള്ള വായ്പയെക്കുറിച്ച് സമിതി ആരാഞ്ഞതിന് പാലക്കാട്, മലപ്പുറം, ആലപ്പുഴ ജില്ലകളിൽ നിന്നുള്ള അപേക്ഷകരുടെ എണ്ണം കൂടുതലാണെന്നും എറണാകുളം, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിലും കുന്നുമംഗലവുമൊഴികെയുള്ള സ്ഥലങ്ങളിൽ അപേക്ഷകരുടെ എണ്ണം കുറവാണെന്നും എന്നാൽ കോർപ്പറേഷന് അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം എല്ലാ ജില്ലകൾക്കും ഒരുപോലെ വീതിക്കുന്നതിനാൽ അപേക്ഷകൾ കൂടുതലുള്ള പാലക്കാട് ജില്ലയിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം വായ്പ ലഭ്യമാക്കാൻ കഴിയാത്ത സ്ഥിതിവിശേഷവും അപേക്ഷകരുടെ എണ്ണം കുറവുള്ള ജില്ലകളിൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാൻ പറ്റാത്ത സാഹചര്യവും നിലനിൽക്കുന്നതായി സമിതി

മനസ്സിലാക്കുന്നു. ഈ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിലേക്കായി ഓരോ വർഷവും അനുവദിക്കപ്പെടുന്ന തുക അതതു വർഷമുളള അപേക്ഷകരുടെ എണ്ണത്തിനനുസൃതമായി ഓരോ ജില്ലകൾക്കും വീതിച്ചുനല്കുന്നതു പ്രായോഗികമാണോ എന്ന് പരിശോധിച്ച് ഇതിന്മേൽ യുക്തമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന മറ്റ് വായ്പകളെക്കുറിച്ചും സമിതി ആരായുകയുണ്ടായി. പരമ്പരാഗത തൊഴിൽ ചെയ്യുന്ന തിനായി വായ്പ നൽകുന്ന പദ്ധതിപ്രകാരം 6% പലിശനിരക്കിൽ 50,000 രൂപ മുതൽ രണ്ടു ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നുണ്ടെന്നും സ്ത്രീകൾക്ക് മഹിളാസമൃദ്ധി എന്ന പദ്ധതിയിൽപ്പെടുത്തി 4% പലിശനിരക്കിൽ വായ്പ അനുവദിക്കുന്നുണ്ടെന്നും പ്രോജക്ട് ഓഫീസർ സമിതിയെ അറിയിച്ചു.

22. സ്വർണ്ണ ജയന്തി സ്വരോസ്ഗാർ യോജന പദ്ധതി പ്രകാരം ഒരു ഗ്രൂപ്പിൽ ഉൾപ്പെടുന്ന 13 പേർക്കും പരമാവധി 3 ലക്ഷം രൂപവരെ അനുവദിക്കുമെന്നും അതിൽ 1.25 ലക്ഷം രൂപ ഗ്രാമവികസന വകുപ്പ് നൽകുന്ന സബ്സിഡിയും 1.75 ലക്ഷം രൂപ കോർപ്പറേഷൻ നൽകുന്ന വായ്പയുമാണെന്നും, ഇതിന്റെ തിരിച്ചടവ് കൃത്യമായി നടക്കുന്നുണ്ടെന്നും ഈ സാമ്പത്തികവർഷം മുതൽ കേന്ദ്ര ഗവൺമെന്റ് പ്രസ്തുത പദ്ധതി നിർത്തലാക്കിയതിനാൽ പുതിയൊരു പദ്ധതിക്കായുളള ശിപാർശ ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടെന്നും പ്രോജക്ട് ഓഫീസർ അറിയിച്ചു.

23. വ്യത്യസ്ത പദ്ധതികൾ പ്രകാരം വായ്പകൾ നൽകുന്നതിനുപുറമേ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സമഗ്രവികസനത്തിനായി കോർപ്പറേഷൻ നടത്തുന്ന വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളെ സംബന്ധിച്ചും സമിതി വിവരശേഖരണം നടത്തുകയുണ്ടായി. തൃശ്ശൂർ ജില്ലയിലെ ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ തീയേറ്റർ സമുച്ചയത്തിലുളള 25 ഷോപ്പുകൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് 2003-ൽ 2.76 കോടി രൂപയ്ക്ക് വാങ്ങി 2007-ൽ കോർപ്പറേഷന് കൈമാറിയെന്നും, പ്രസ്തുത ഷോപ്പുകളെല്ലാം പട്ടികജാതിയിൽപ്പെട്ടവരാണ് നടത്തുന്നതെന്നും പ്രോജക്ട് ഓഫീസർ സമിതിയെ അറിയിച്ചു. കൂടാതെ വകുപ്പിന്റെ ഉടമസ്ഥതയിൽ മാളയിലുളള ഒരു ബിൽഡിംഗ് 30 വർഷത്തെ പാട്ടത്തിന് കോർപ്പറേഷൻ ഏറ്റെടുത്ത് പട്ടികജാതിക്കാരെക്കൊണ്ട് ചില സംരംഭങ്ങൾ നടത്തിയെങ്കിലും അവയൊന്നും വിജയിച്ചില്ലെന്നും ഈ വർഷം പ്രസ്തുത ബിൽഡിംഗ് കൺസ്യൂമർ ഫെഡിന് ഗോഡൗണായി വാടകയ്ക്ക് നൽകിയിരിക്കുകയാണെന്നും അവിടെ ജോലിചെയ്യുന്നവരിൽ 80%-വും പട്ടികജാതിയിൽപ്പെട്ടവരാണെന്നും പ്രോജക്ട് ഓഫീസർ അറിയിച്ചു. കൂടാതെ കൃത്യമായ തിരിച്ചടവുളള വായ്പകൾ, ഓട്ടോറിക്ഷാ വാങ്ങുന്നതിനുവേണ്ടി എടുക്കുന്ന വായ്പ, ആടു വളർത്തലിനുവേണ്ടി വയനാട്, ഇടുക്കി ജില്ലയിൽ നൽകുന്ന വായ്പ എന്നിവയാണെന്നും പ്രോജക്ട് ഓഫീസർ സമിതിയെ അറിയിച്ചു.

24. കോർപ്പറേഷൻ അനുവദിക്കുന്ന വായ്പകൾ കൈപ്പറ്റുന്ന സമയത്ത് ഭൂരിപക്ഷം ഗുണഭോക്താക്കളും വായ്പാ ഉടമ്പടിയിലെ വ്യവസ്ഥകൾ മനസ്സിലാക്കാതെ കരാറിൽ ഏർപ്പെടുന്നതായി സമിതിക്കു ലഭിക്കുന്ന ഹർജികളിൽനിന്നും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരക്ഷരരും വായ്പ അനുവദിച്ചു നൽകുന്നതിനുളള

നിയമങ്ങളെക്കുറിച്ച് അജ്ഞതയുമുള്ള ഗുണഭോക്താക്കൾക്ക് ഇതുസംബന്ധിച്ച് അവബോധം നല്കേണ്ടത് അനിവാര്യമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുന്നതിനുമുൻപ് വായ്പാത്തുക, തിരിച്ചടവ് കാലാവധി, മറ്റ് വ്യവസ്ഥകൾ എന്നിവയെ സംബന്ധിച്ച് അവബോധം നല്കുന്നതിനുള്ള സംവിധാനം ഒരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. 2011-12 സാമ്പത്തികവർഷത്തിൽ ചെറുതുംവലുതുമായി 3623 പേർക്കായി 26.26 കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ടെന്നും എന്നാലിത് മുൻവർഷത്തേക്കാൾ കുറവാണെന്നും, കോർപ്പറേഷന് സർക്കാരിൽനിന്നും അനുവദിക്കുന്ന ഫണ്ട് കൃത്യസമയത്ത് ലഭിക്കാത്തതിനാൽ പുതിയ പ്രോജക്ടുകൾ തുടങ്ങാൻ ബുദ്ധിമുട്ടാണെന്നും ഫണ്ടിന്റെ അപര്യാപ്തതമൂലം വായ്പ അപേക്ഷകൾ മാറ്റിവയ്ക്കേണ്ട സാഹചര്യമാണ് നിലവിൽ ഉള്ളതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. കോർപ്പറേഷന് നല്കുന്ന ബഡ്ജറ്റ് വിഹിതം പരിശോധിച്ചതിൽ വായ്പ നൽകുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും കോർപ്പറേഷനു ലഭിക്കുന്ന വിഹിതം ഓരോ വർഷവും കുറഞ്ഞുവരികയാണെന്നും ഇപ്പോൾ അനുവദിച്ചുവരുന്ന തുക തീർത്തും അപര്യപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ഓരോ വർഷവും കോർപ്പറേഷന് അനുവദിക്കുന്ന ഫണ്ട് കൃത്യസമയത്ത് ലഭ്യമാക്കുകയും വർഷംതോറും അനുവദിക്കുന്ന തുകയിൽ കാലാനുസൃതമായ വർദ്ധനവ് ഉണ്ടാവുകയും ചെയ്താൽ കോർപ്പറേഷന് വായ്പകൾ കാലതാമസമില്ലാതെ അനുവദിക്കാൻ സാധിക്കുമെന്നും, കോർപ്പറേഷന് സ്വന്തംഫണ്ട് ഉപയോഗിച്ച് പുതിയ സ്കീമുകൾ നടപ്പിലാക്കാൻ സാധിക്കുമെന്നും സമിതി വിലയിരുത്തുന്നു. കോർപ്പറേഷന് അനുവദിക്കുന്ന കേന്ദ്ര-സംസ്ഥാന വിഹിതം യഥാസമയം ലഭ്യമാക്കുന്നതിനും അവ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. കോർപ്പറേഷൻ അനുവദിക്കുന്ന വിവിധ വായ്പകൾക്ക് ഉദാരമായ നിരക്കിലാണ് പലിശ ഈടാക്കുന്നത് എന്നതുകൊണ്ടാണ് വായ്പയെടുക്കാൻ കൂടുതൽ ആൾക്കാർ മുന്നോട്ടുവരുന്നതെന്ന വസ്തുത മനസ്സിലാക്കിയ സമിതി എല്ലാ വായ്പ കളുടെയും പരമാവധി തുക ഇരട്ടിയായി വർദ്ധിപ്പിക്കണമെന്നും അതോടൊപ്പം കോർപ്പറേഷൻ വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണ മെന്നും, ജാമ്യവ്യവസ്ഥകൾ ഉദാരമാക്കണമെന്നും വിവിധ വായ്പാത്തുകകൾ കാലോചിതമായി വർദ്ധിപ്പിക്കണമെന്നും ശിപാർശ ചെയ്യുന്നു.

27. ഗുണഭോക്താക്കളിൽനിന്നും തിരിച്ചടവ് ഉറപ്പുവരുത്തുന്നതിനായി സംവിധാനം ഉണ്ടാകുന്നതിനോടൊപ്പംതന്നെ കോർപ്പറേഷൻ വിവിധ സംരംഭ ങ്ങൾക്കായി നല്കുന്ന വായ്പകൾ കാര്യക്ഷമമായി ഉപയോഗിക്കുന്നുണ്ടോ എന്നുകൂടി ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണെന്നും പുതിയ സംരംഭങ്ങൾക്കായി വായ്പ യെടുക്കുന്ന ഗുണഭോക്താക്കൾക്ക് ഓരോഘട്ടത്തിലും ആവശ്യമായ നിർദ്ദേശങ്ങളും വിദഗ്ദ്ധോപദേശവും നല്കുന്നത് സംരംഭങ്ങൾ പരാജയപ്പെടുന്നതിനുള്ള സാധ്യത കുറയ്ക്കുമെന്നും, കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ ഫലപൂർത്തി തുടർച്ചയായി വിലയിരുത്തുന്നതിനുള്ള മൂല്യനിർണ്ണയ സംവിധാനം ഏർപ്പെടുത്തുന്നത്

പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന അപാകതകളെക്കുറിച്ചും പാളിച്ചകളെക്കുറിച്ചും മനസ്സിലാക്കുന്നതിനും തുടർന്ന് ഇവ തിരുത്തി മുന്നോട്ടുപോകുന്നതിനും സഹായകരമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വായ്പ അനുവദിക്കുമ്പോൾ തന്നെ അവയുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് ഗുണഭോക്താക്കളുടെ വായ്പ വിനിയോഗം സംബന്ധിച്ചുള്ള മോണിറ്ററിംഗ് സംവിധാനം ഉണ്ടാകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. കോർപ്പറേഷനിൽനിന്നും വായ്പയെടുത്തതും കഴിഞ്ഞ 6 വർഷമായി തിരിച്ചടവ് കാലാവധി അവസാനിച്ചതും കുടിശ്ശികയായതുമായ വായ്പകളിൽ തിരിച്ചടയ്ക്കാനുള്ള തുകയിൽ മുതൽ ഒറ്റത്തവണയായി അടയ്ക്കാൻ തയ്യാറാകുന്ന പക്ഷം, പലിശയും പിഴപ്പലിശയും സർക്കാർതലത്തിൽ എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. കോർപ്പറേഷനിലെ ജീവനക്കാരുടെ ജോലിഭാരത്തിനനുസൃതമായ വേതന വർദ്ധനവ് ലഭിക്കുന്നില്ലെന്നും, പെൻഷൻ സ്കീം ഇതുവരെ നടപ്പിൽവരുത്തിയിട്ടില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. കോർപ്പറേഷന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് മുഖ്യപങ്ക് വഹിക്കുന്ന ജീവനക്കാരുടെ വേതനത്തിൽ കാലോചിതമായ വർദ്ധനവ് അത്യാവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജീവനക്കാരുടെ ജോലിഭാരത്തിനനുസൃതമായി വേതനവർദ്ധനവ് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ജീവനക്കാർക്ക് ആകർഷകമായൊരു പെൻഷൻപദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

30. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി പട്ടികജാതി വികസന കോർപ്പറേഷൻ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളിൽ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസൃതമായി കാലോചിതമായി വരുത്തേണ്ട മാറ്റങ്ങൾ, പ്രസ്തുത പദ്ധതികൾക്ക് നിലവിൽ അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതത്തിന്റെ പര്യാപ്തത, കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ ഫലപ്രാപ്തി എന്നിവയെ സംബന്ധിച്ച് സമഗ്രമായി പഠനം നടത്തുന്നത് കോർപ്പറേഷന്റെ പ്രവർത്തനം മികവുറ്റതാക്കാൻ സഹായകരമാകുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കോർപ്പറേഷന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ അവയുടെ ഫലപ്രാപ്തി, ഉദ്ദേശ്യലക്ഷ്യങ്ങളുടെ പൂർത്തീകരണം എന്നിവയെ സംബന്ധിച്ച് സർക്കാർ പഠനം നടത്തണമെന്നും പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ ഭാവിപരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

31. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെടുന്ന ജനവിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലെ ഉന്നമനത്തിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ആവിഷ്കരിച്ചു നടപ്പിലാക്കിയ പദ്ധതികൾ എല്ലാം പൂർണ്ണമായി വിജയിച്ചു എന്ന് വിലയിരുത്താനാവില്ലെങ്കിലും സമൂഹത്തിലെ ഏറെ പിന്നോക്കാവസ്ഥയിലായിരുന്ന ഈ ജനവിഭാഗത്തെ പുരോഗതിയിലേക്ക് നയിക്കുന്ന കാര്യത്തിൽ അവഗണിക്കാനാവാത്ത പങ്കുവഹിച്ച ഒരു സ്ഥാപനമാണിതെന്ന

കാര്യത്തിൽ ആർക്കെങ്കിലും തർക്കമുണ്ടാകുമെന്ന് സമിതി കരുതുന്നില്ല. ഒരു മഹത്തായ ദൗത്യം ഏറ്റെടുത്ത് കഴിഞ്ഞ നാലു പതിറ്റാണ്ടുകളായി പ്രവർത്തിച്ചു വരുന്ന ഈ സ്ഥാപനം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്ന കാര്യത്തിൽ എത്രമാത്രം വിജയിച്ചു എന്നതിനെ സംബന്ധിച്ച സമഗ്രമായ ഒരു പഠനമാണ് സമിതി ഉദ്ദേശിച്ചിരുന്നതെങ്കിലും കൃത്യാന്തര ബാഹുല്യവും സമയപരിമിതിയും നിമിത്തം ആയത് പൂർണ്ണതോതിൽ പൂർത്തീകരിക്കുവാൻ സമിതിക്കു കഴിഞ്ഞിട്ടില്ല എന്ന് സമിതി സ്വയം വിലയിരുത്തുന്നു. എന്നിരുന്നാലും സമിതിയുടെ പരിമിതികൾ ഉൾക്കൊണ്ടു കൊണ്ട് സമിതിക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കുവാൻ സന്മനസ്സു കാണിച്ച കോർപ്പറേഷനിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി അതിന്റെ നന്ദി അറിയിക്കുന്നതോടൊപ്പം കൂടുതൽ കൂടുതൽ ക്ഷേമപ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ സന്നദ്ധമായിരിക്കുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കാൻ കഴിയുമെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട ഏതാനും ചില ശിപാർശകൾ/നിർദ്ദേശങ്ങളാണ് ഈ റിപ്പോർട്ടിലൂടെ സമിതി മുന്നോട്ടുവച്ചിരിക്കുന്നത്. പ്രസ്തുത ശിപാർശകൾക്ക് അർഹിക്കുന്ന പരിഗണന നൽകി അവ നടപ്പിലാക്കുവാൻ ആവശ്യമായ നിതാന്ത ജാഗ്രത ബന്ധപ്പെട്ടവർ പ്രകടിപ്പിക്കുമെന്ന് സമിതി ആത്മാർത്ഥമായി വിശ്വസിക്കുന്നു.

തിരുവനന്തപുരം,
2014 ജനുവരി 13.

വി. പി. സജീന്ദ്രൻ,
*ചെയർമാൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി.*

282/2014.

## അനുബന്ധം 1

## സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും

| *ക്രമ നമ്പർ* | *സമിതിയുടെ നിർദ്ദേശങ്ങൾ/ശിപാർശകൾ* | *ഖണ്ഡിക നമ്പർ* | *വകുപ്പ്* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കോർപ്പറേഷന്റെ വിദ്യാഭ്യാസ വായ്പകൾ യഥാസമയം അനുവദിക്കണമെന്നും വായ്പയുടെ ജാമ്യവ്യവസ്ഥകൾ കൂടുതൽ സുതാര്യവും ഉദാരവുമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | 13 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 2 | വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാൻ സൗകര്യം ലാപ്ടോപ് ആണെന്ന വസ്തുത കണക്കിലെടുത്ത് കമ്പ്യൂട്ടർ വായ്പയ്ക്ക് അപേക്ഷിക്കുന്നവരിൽ പ്രൊഫഷണൽ കോഴ്സുകൾ/മറ്റു കോഴ്സുകളിൽ പഠിക്കുന്നവർ എന്ന് തരംതിരിവില്ലാതെ എല്ലാ അപേക്ഷകർക്കും ലാപ്ടോപ് വാങ്ങുന്നതിന് വായ്പ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 14 | ,, |
| 3 | കൃഷിഭൂമി വാങ്ങുന്നതിനുള്ള വായ്പാ പരിധിയായി നിശ്ചയിച്ചിട്ടുള്ള രണ്ടുലക്ഷം രൂപ 50 സെന്റ് ഭൂമി വാങ്ങുന്നതിന് തികച്ചും അപര്യാപ്തമായതിനാൽ വായ്പാത്തുക നാലു ലക്ഷമായി എങ്കിലും വർദ്ധിപ്പിക്കണമെന്നും ഈയിനത്തിൽ കൂടുതൽ തുക സബ്സിഡി നൽകുന്നതിന് പ്രത്യേക ബഡ്ജറ്റ് വിഹിതം സംസ്ഥാന സർക്കാർ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 16 | ,, |
| 4 | വ്യവസായ സംരംഭകർക്കുള്ള വായ്പകൾ വരുമാനപരിധി യില്ലാതെ, ഈടുനൽകുന്ന വസ്തുവിന്റെ വിലയ്ക്കനുസരിച്ച് തിരിച്ചടയ്ക്കാൻ കഴിവുള്ള എല്ലാവർക്കും അനുവദിക്കണമെന്നും വായ്പാത്തുക കാലോചിതമായി ഉയർത്തുവാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 18 | ,, |
| 5 | കോർപ്പറേഷന്റെ വിവാഹ വായ്പ പദ്ധതി പ്രകാരമുള്ള വായ്പാത്തുക രണ്ടുലക്ഷമായി എങ്കിലും ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 19 | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | ഓരോ വർഷവും കോർപ്പറേഷന് അനുവദിക്കുന്ന ബഡ്ജറ്റ് വിഹിതം അതതു വർഷമുള്ള അപേക്ഷകരുടെ എണ്ണത്തിനനുസൃതമായി ഓരോ ജില്ലകൾക്കും വീതിച്ചു നല്കുന്നതു പ്രായോഗികമാണോ എന്ന് പരിശോധിച്ച് ഇതിന്മേൽ യുക്തമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 20 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 7 | ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുന്നതിനു മുൻപ് വായ്പാത്തുക, തിരിച്ചടവ് കാലാവധി, മറ്റ് വ്യവസ്ഥകൾ എന്നിവയെ സംബന്ധിച്ച് അവബോധം നല്കുന്നതിനുള്ള സംവിധാനം ഒരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 24 | ,, |
| 8 | കോർപ്പറേഷന് അനുവദിക്കുന്ന കേന്ദ്ര-സംസ്ഥാന വിഹിതം യഥാസമയം ലഭ്യമാക്കുന്നതിനും അവ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 25 | ,, |
| 9 | എല്ലാ വായ്പകളുടെയും പരമാവധി തുക ഇരട്ടിയായി വർദ്ധിപ്പിക്കണമെന്നും അതോടൊപ്പം കോർപ്പറേഷൻ വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണമെന്നും, ജാമ്യവ്യവസ്ഥകൾ ഉദാരമാക്കണമെന്നും വിവിധ വായ്പാത്തുകകൾ കാലോചിതമായി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 26 | ,, |
| 10 | വായ്പ അനുവദിക്കുമ്പോൾത്തന്നെ അവയുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് ഗുണഭോക്താക്കളുടെ വായ്പ വിനിയോഗം സംബന്ധിച്ചുള്ള മോണിറ്ററിംഗ് സംവിധാനം ഉണ്ടാകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 27 | ,, |
| 11 | കോർപ്പറേഷനിൽനിന്നും വായ്പയെടുത്തതും കഴിഞ്ഞ 6 വർഷമായി തിരിച്ചടവ് കാലാവധി അവസാനിച്ചതും കുടിശ്ശികയായതുമായ വായ്പകളിൽ തിരിച്ചടയ്ക്കാനുള്ള തുകയിൽ മുതൽ ഒറ്റതവണയായി അടയ്ക്കാൻ തയ്യാറാകുന്ന പക്ഷം, പലിശയും പിഴപ്പലിശയും സർക്കാർതലത്തിൽ എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 28 | ,, |

| (1) | (2) | (3) | (4) |
|---|---|---|---|
| 12 | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ ജോലിഭാരത്തിനനുസൃതമായി വേതന വർദ്ധനവ് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണ മെന്നും ജീവനക്കാർക്ക് ആകർഷകമായൊരു പെൻഷൻ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 29 | പട്ടികജാതി പട്ടികവർഗ്ഗ വികസനം |
| 13 | കോർപ്പറേഷന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിന് കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ അവയുടെ ഫലപ്രാപ്തി, ഉദ്ദേശ്യലക്ഷ്യങ്ങളുടെ പൂർത്തീകരണം എന്നിവയെ സംബന്ധിച്ച് സർക്കാർ പഠനം നടത്തണമെന്നും പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ ഭാവിപരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | 30 | ,, |

അനുബന്ധം 2

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ

(ഖണ്ഡിക 4)

| *ക്രമ നമ്പർ* | *പദ്ധതി* | *പദ്ധതി തുക (രൂപയിൽ) (യൂണിറ്റ് ഒന്നിന്)* | *പലിശ നിരക്ക്* | *തിരിച്ചടവ് കാലാവധി* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | **കെ.എസ്.ഡി.സി. പദ്ധതികൾ** | | | |
| | **വരുമാനദായക പദ്ധതികൾ** | | | |
| 1 | ബെനഫിഷ്യറി ഓറിയന്റഡ് പദ്ധതി | 1,00,000 | 6% | 5 വർഷം |
| 2 | വിദേശ തൊഴിൽ വായ്പാ പദ്ധതി | 50,000 | 6% | 3 വർഷം |
| 3 | പ്രൊഫഷണൽ സർവ്വീസ് പദ്ധതി | 1,50,000 | 7% | 5 വർഷം |
| 4 | കൃഷിഭൂമി വായ്പാ പദ്ധതി | 1,50,000 | 6% | 8 വർഷം |
| 5 | ഓട്ടോറിക്ഷാ വായ്പാ പദ്ധതി | 1,80,000 | 6% | 5 വർഷം |
| | **സാമൂഹിക ക്ഷേമ പദ്ധതികൾ** | | | |
| 6 | വിവാഹ വായ്പാ പദ്ധതി | 1,00,000 | 6% | 5 വർഷം |
| 7 | വിദ്യാഭ്യാസ വായ്പാ പദ്ധതി (പഠനശേഷം) | 1,00,000 to 2,50,000 | 6% | 5 വർഷം (പഠനശേഷം) |
| 8 | വിദേശ വിദ്യാഭ്യാസ വായ്പാ പദ്ധതി | 10,00,000 | 6% മുതൽ 8.50% വരെ | 5 വർഷം |
| 9 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കമ്പ്യൂട്ടർ വായ്പാ പദ്ധതി | 40,000 | 6% | 5 വർഷം |
| 10 | പട്ടികജാതിയിൽപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പാ പദ്ധതി | 50,000 | 8% | 5 വർഷം |
| 11 | പട്ടികജാതിയിൽപ്പെട്ട സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വാഹന വായ്പാപദ്ധതി | 50,000 | 8% | 5 വർഷം |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| **എൻ.എസ്.എഫ്.ഡി.സി. പദ്ധതികൾ** | | | | |
| 1 | കൃഷിഭൂമി വായ്പാ പദ്ധതി | 2,00,000 | 6% | 8 വർഷം |
| 2 | മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പദ്ധതി | 50,000 | 5% | 3 വർഷം |
| 3 | മഹിളാ സമൃദ്ധി യോജന | 50,000 | 4% | 3 വർഷം |
| 4 | മഹിളാ കിസാൻ യോജന | 50,000 | 5% | 5 വർഷം |
| 5 | ശിൽപ്പി സമൃദ്ധി യോജന | 50,000 | 5% | 5 വർഷം |
| 6 | മിനി വേഞ്ചർ പദ്ധതികൾ | 1,00,000 രൂപ മുതൽ 2,00,000 രൂപ വരെ | 6% | 5 വർഷം |
| 7 | വിദ്യാഭ്യാസ വായ്പാ പദ്ധതി | 15 ലക്ഷം രൂപ വരെ | വിദ്യാർത്ഥി കൾക്ക് 4% വിദ്യാർത്ഥിനി കൾക്ക് 3.5% | 5 വർഷം (പഠന ശേഷം) |
| 8 | ലഘു വ്യവസായ യോജന | 75,000 രൂപ മുതൽ 2,00,000 രൂപ വരെ | 6% | 5 വർഷം |
| 9 | എസ്.ജി.എസ്.വൈ. ഗ്രൂപ്പ് വായ്പാ പദ്ധതി | 3,00,000 | 6% | 3 വർഷം |
| **എൻ.എസ്.ടി.എഫ്.ഡി.സി. പദ്ധതികൾ** | | | | |
| 1 | ആദിവാസി മഹിളാ ശാക്തീകരൺ യോജന | 50,000 | 4% | 5 വർഷം |
| 2 | പട്ടികവർഗ്ഗ സംരംഭകർക്കായുള്ള പദ്ധതി | 1,00,000 | 6% | 5 വർഷം |
| 3 | ഡീസൽ ഓട്ടോറിക്ഷാ പദ്ധതി | 1,75,000 | 6% | 5 വർഷം |
| 4 | സ്മോൾ എന്റർപ്രൈസസ് ലോൺ | 50,000 | 6% | 5 വർഷം |
| 5 | എസ്.ജി.എസ്.വൈ. ഗ്രൂപ്പ് വായ്പാ പദ്ധതി | 3,00,000 | 6% | 3 വർഷം |